"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കരുനാഗപ്പള്ളി മരു വടക്ക് മുറിയിൽ ആലുംകടവ് നെല്ലിക്കമത്ത് വടക്കതിൽ വീട്ടിൽ സന്തോഷ് ഡി. എന്നവർക്ക് പി.എം. എ. വൈ. ഭവന നിർമ്മാണ പദ്ധതി പ്രകാരം കൈപറ്റിയ തുകയുടെ പലിശ ഒഴിവാക്കി മുതൽ മാത്രം തിരിച്ചടച്ചുകൊണ്ട് വസ്തു വിൽക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1165/2024/LSGD തീയതി,തിരുവനന്തപുരം, 29-06-2024

---

പരാമർശം:-

1. ശ്രീ. സന്തോഷ് ഡി. 20-11-2023 ൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയ്ക്കു സമർപ്പിച്ച അപേക്ഷ
2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 11-03-2024 ലെ 1/109312/2024 നമ്പർ കത്ത്

**ഉത്തരവ്**

പി.എം.എ.വൈ. പദ്ധതി പ്രകാരം നിർമ്മിച്ച വീടുൾപ്പെടുന്ന വസ്തു വിൽക്കേണ്ടത് അത്യാവശ്യമായതിനാൽ സ്ഥലത്തിന്റെ ആധാരം കരുനാഗപ്പള്ളി മുൻസിപ്പൽ ഓഫീസിൽ നിന്ന് തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം 1 പ്രകാരം കൊല്ലം കരുനാഗപ്പള്ളി സ്വദേശി ശ്രീ. സന്തോഷ് ഡിഅപേക്ഷ സമർപ്പിച്ചിരുന്നു. 85% ഭിന്നശേഷിക്കാരനും ക്യാൻസർ രോഗിയുമാണെന്നും സാമ്പത്തിക ബാദ്ധ്യതയും ക്യാൻസർ രോഗ ചികിത്സയ്ക്കുള്ള ചെലവും കാരണം ബാങ്ക് ലോൺ തിരിച്ചടയ്ക്കാത്തതിനാൽ ജപ്തി നടപടി നേരിടുന്നതിനാലാണ് വീട് വിൽക്കേണ്ട സാഹചര്യം ഉണ്ടായതെന്നും അപേക്ഷയിൽ പരാമർശിച്ചിരുന്നു.

നിലവിലുള്ള മാനദണ്ഡം അനുസരിച്ച് ടിയാൻ നാളിതുവരെ കൈപ്പറ്റിയ തുക പലിശ സഹിതം തിരിച്ചടച്ച് ആധാരം കൈപ്പറ്റാവുന്നതാണെന്നും കൈപ്പറ്റിയ തുക അടയ്ക്കാതെ പ്രമാണം ആവശ്യമുള്ള പക്ഷം നഗരസഭയുടെ ലീൻ രെജിസ്റ്റാർ റെക്കോർഡിൽ രേഖപ്പെടുത്തി encumbrance സർട്ടിഫിക്കറ്റ് കോപ്പി ഹാജരാക്കുന്ന പക്ഷം അസ്സൽ പ്രമാണം നൽകാവുന്നതാണെന്നും എന്നാൽ പലിശ ഇളവ് സംബന്ധിച്ച തീരുമാനം സർക്കാർ തലത്തിൽ കൈക്കൊള്ളാവുന്നതാണെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 2 പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാതിക്കാരന്റെ അവസ്ഥയും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ശിപാർശയും പരിഗണിച്ച് കരുനാഗപ്പള്ളി മരു വടക്ക് മുറിയിൽ ആലുംകടവ് നെല്ലിക്കമത്ത് വടക്കതിൽ വീട്ടിൽ സന്തോഷ് ഡി. പി.എം. എ. വൈ. ഭവന നിർമ്മാണ പദ്ധതി പ്രകാരം കൈപറ്റിയ തുകയുടെ പലിശ ഒഴിവാക്കി മുതൽ മാത്രം തിരിച്ചടച്ചുകൊണ്ട് വസ്തു വിൽക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

അണ്ടർ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by

Sheeba. S. C

Date: 29-06-2024 12:44:33

സെക്ഷൻ ഓഫീസർ

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ശ്രീ. സന്തോഷ് ഡി., നെല്ലിക്കമത്ത് വടക്കതിൽ വീട്, ആലുംകടവ്,മരു വടക്ക്, കരുനാഗപ്പള്ളി

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ / ഓഡിറ്റ്),കേരള ,തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ.&പി.ആർ.ഡി.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ